കേരള മഹിളാ സമഖ്യ സൊസൈറ്റി- തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്

അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ-കോഴിക്കോട്

കൾച്ചറൽ അക്കാദമി ഫോർ പീസ്-എറണാകുളം

ബഥേസ്ത ചാരിറ്റബിൾ ട്രസ്റ്റ്-തൃശ്ശൂർ

കൂടാതെ ആരോഗ്യ വകുപ്പ്, നിയമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് തുടങ്ങിയ വകുപ്പുകളും പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്.

10 ഷെൽട്ടർ ഹോമുകളിലേയ്ക്കും മതിയായ ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ഹോമുകൾക്കും പ്രവർത്തനം നടത്തുന്നതിനായി 3 മാസത്തെ തുക ഒരുമിച്ച് അനുവദിച്ച് നൽകുകയാണ് ചെയ്തുവരുന്നത്.

വയോമിത്രം

170 (2803) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോജനങ്ങളുടെ ആരോഗ്യസംരക്ഷണ പദ്ധതി-വയോമിത്രത്തിനു ഓരോ വർഷവും നീക്കിവച്ച തുക എത്ര ; ചെലവഴിച്ചതിന്റെ കണക്ക് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾ 10 ലക്ഷം രൂപ മുൻകൂർ സംഭാവന ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയോമിത്രം പദ്ധതിക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു. (2015 മാർച്ച് 31 വരെ)

ക്രമ നമ്പർ	സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	2010-11	ഇല്ല	5,41,853
2	2011-12	,,	1,26,78,430
3	2012-13	4 കോടി	3,30,76,472
4	2013-14	5 ,,	4,82,68,472
5	2014-15	7 ,,	6,69,75,185
	ആകെ	16 ,,	16,15,40,412

2015-16 സാമ്പത്തിക വർഷം വയോമിത്രം പദ്ധതിക്കായി ആകെ 8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2010-11, 2011-12 വർഷങ്ങളിൽ മിഷന്റെ കോർപ്പസ് ഫണ്ടിൽനിന്നാണ് പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) 6-5-2013-ലെ സ.ഉ.(സാധാ)1209/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ 25 ലക്ഷം, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി 10 ലക്ഷംരൂപ, ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷംരൂപ എന്നീ നിരക്കുകളിൽ കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകണമെന്ന് ഉത്തരവായിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ അംഗൻവാടികൾ

171 (2804) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു ; കഴിഞ്ഞ നാലുവർഷമായി ഓരോ അംഗൻവാടികളിലും എത്തുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിലെ അംഗൻവാടികളിൽ എത്ര ജീവനക്കാർ ഉണ്ട് ; എത്ര ജീവനക്കാരുടെ ഒഴിവുണ്ട് ; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;